**മഹാരാജാസ് കോളേജ്, എറണാകുളം**
(ഒരു സർക്കാർ സ്വയംഭരണ കോളേജ്)

**തീയതി, 01.07.2022**

**<u>പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>**

1. ഹാൾടിക്കറ്റ് കൈവശമുള്ള പരീക്ഷാർത്ഥികളെ മാത്രമേ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുകയുള്ളൂ.
2. പരീക്ഷ ആരംഭിക്കുന്നതിന് പതിനഞ്ചു മിനിറ്റുമുൻപ് പരീക്ഷാഹാളിൽ റിപ്പോർട്ട് ചെയ്യണം. പരീക്ഷ ആരംഭിച്ച് മുപ്പതു മിനിറ്റിനുശേഷം എത്തുന്ന പരീക്ഷാർത്ഥികളെ ഒരു കാരണവശാലും ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. പരീക്ഷ ആരംഭിച്ച് മുപ്പതു മിനിറ്റ് കഴിയുന്നതിനുമുൻപ് ഹാളിൽനിന്നു പുറത്തുപോകാൻ അനുവദിക്കില്ല. ഒരിക്കൽ പുറത്തുപോയ പരീക്ഷാർത്ഥികളെ തിരികെ പ്രവേശിപ്പിക്കുന്നതല്ല.
3. ഹാൾ ടിക്കറ്റ്, പേന, പെൻസിൽ, റൂളർ, അനുവദനീയമായ പരീക്ഷകളിൽ നോൺ-പ്രോഗ്രാമബിൾ കാൽക്കുലേറ്റർ, ലോഗരിതം ടേബിൾ തുടങ്ങി പരീക്ഷ എഴുതാനാവശ്യമായ സാമഗ്രികൾ മാത്രമേ പരീക്ഷാർത്ഥികളുടെ കൈവശം ഉണ്ടാകാൻ പാടുള്ളൂ. ബാഗ്, കുട, നോട്ട്ബുക്ക്, പുസ്തകങ്ങൾ, പേപ്പർ തുടങ്ങിയവ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കാൻ പാടില്ല.
4. **മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച്, ഇയർ ഫോൺ, സ്പീക്കർ, പ്രോഗ്രാമബിൾ കാൽക്കുലേറ്റർ എന്നിവയുൾപ്പെടെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണങ്ങളും, സ്വിച്ച് ഓഫ് ആണെങ്കിൽപോലും, പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കാൻ പാടില്ല.**
5. രജിസ്റ്റർ ചെയ്ത പരീക്ഷയുടെ ചോദ്യപേപ്പർ തന്നെയാണെന്ന് ലഭിച്ചതെന്ന് ഉറപ്പുവരുത്തിയശേഷം ചോദ്യപേപ്പറിന്റെ വലതുവശത്ത് മുകളിൽ പേരും രജിസ്റ്റർ നമ്പറും എഴുതുക. ചോദ്യപേപ്പറിൽ മറ്റൊന്നും എഴുതാൻ പാടില്ല.
6. ഇൻവിജിലേറ്ററുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
7. കോപ്പിയടിക്കുക, മറ്റു പരീക്ഷാർത്ഥികളോടോ ഹാളിനു പുറത്തുള്ളവരോടോ ഏതെങ്കിലും വിധത്തിൽ ആശയവിനിമയം നടത്തുക, നിർദ്ദിഷ്ട സ്ഥാനത്തുനിന്നു മാറിയിരിക്കുക, ഹാളിനുള്ളിൽ അനുവാദമില്ലാതെ സഞ്ചരിക്കുക, അനുവദനീയമല്ലാത്ത സാമഗ്രികൾ കൈവശം വയ്ക്കുക, ഇൻവിജിലേറ്ററോട് അപമര്യാദയായി പെരുമാറുക തുടങ്ങിയവ പരീക്ഷാക്രമക്കേട് പരിധിയിൽ വരുന്നതാണ്.
8. പരീക്ഷാക്രമക്കേടുകൾ കണ്ടെത്തിയാൽ പരീക്ഷാർത്ഥിയുടെ സെമസ്റ്റർ പരീക്ഷ പൂർണമായി റദ്ദ് ചെയ്യുകയോ, ഒരു നിശ്ചിത കാലയളവിൽ പരീക്ഷ എഴുതുന്നതിൽനിന്നു പരീക്ഷാർത്ഥിയെ വിലക്കുകയോ ചെയ്യാവുന്നതാണ്.
9. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

01/7/2022

**പരീക്ഷാ കൺട്രോളർ**

MAHARAJA'S COLLEGE ERNAKULAM COCHIN-682011

**പ്രിൻസിപ്പൽ**

SPECIAL GRADE PRINCIPAL
MAHARAJA'S COLLEGE,
ERNAKULAM